"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിംഗ്- ശ്രീ. ജോയി അനിയൻ സമർപ്പിച്ച പരാതി- ആറ്റിങ്ങൽ നഗരസഭ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.908/2026/LSGD തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:-

1. ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 02.12.2022-ലെ ഇ4/194/2021/എസ്.ഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യ നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 27-03-2023 തീയതിയായ LSGD/PD/4448/2023-VIGA2 നമ്പർ കത്ത്.
3. ആറ്റിങ്ങൽ നഗരസഭയിലെ മുൻ ഓവർസീയർമാ രായിരുന്ന ശ്രീ. ദിനേശ്, ശ്രീ. വിജയകുമാർ റ്റി., മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ജയദാസ് ഡി.,മുൻ അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ.ജോസ് എച്ച്. ജോൺസ്., ശ്രീമതി താജുന്നീസ ബീവി എം. എന്നിവർക്കെതിരെതിരെയുള്ള 16.04.2024-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. ശ്രീ. വിജയകുമാർ റ്റി. സമർപ്പിച്ച 24.05.2024, 15.07.2024 എന്നീ തീയതികളിലെ പ്രതിവാദ പത്രികൾ.
5. ശ്രീ. ദിനേശ്, ശ്രീ.ജയദാസ് ഡി., ശ്രീ. ജോസ് എച്ച്. ജോൺസ്, ശ്രീമതി താജുന്നീസ ബീവി എം., എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ.
6. ആറ്റിങ്ങൽ നഗരസഭയിലെ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.), ശ്രീ. എസ്. കെ. സുരേഷ് കുമാർ-നെതിരെയുള്ള 09.09.2024-ലെ EWA1/56/2023/LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. ആറ്റിങ്ങൽ നഗരസഭയിലെ മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ(റിട്ട.) ശ്രീമതി റാണി ജി.-ക്കെതിരെയുള്ള 26.11.2024-ലെ കാരണം കാണിക്കൽ നോട്ടീസ്.
8. ശ്രീമതി താജുന്നീസ ബീവി എം., ശ്രീമതി റാണി ജി., എന്നിവർ യഥാക്രമം സമർപ്പിച്ച 22.05.2024, 05.01.2025 തീയതിയായ മറുപടി.

9. ആറ്റിങ്ങൽ നഗരസഭയിലെ വിരമിച്ച ഓവർസീയർമാരായ ശ്രീ. ശ്രീകുമാരൻ തമ്പി, ശ്രീ. ജാഫർ സാദിഖ് എം. എന്നിവർക്കെതിരെയുള്ള 26.11.2024-ലെ കാരണം കാണിക്കൽ നോട്ടീസ്.
10. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.06.2024, 04.02.2025, 10.08.2025, 05.11.2025 എന്നീ തീയതികളിലെ LSGD/PD/48735/2023-VIGA5 നമ്പർ കത്തുകൾ.
11. സ.ഉ.(സാധാ.)നം.2069/2025/LSGD തീയതി 20.08.2025.
12. ശ്രീ. വിജയകുമാർ റ്റി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം. 229/2025 നമ്പർ കേസ്.

**ഉത്തരവ്**

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലൂടെയുള്ള നാഷണൽ ഹൈവെയുടെ ഭാഗം വീതി കൂട്ടുന്നതിന്റെ മറവിൽ സമീപമുള്ള കടകൾ അനധികൃതമായി പൊളിച്ചുമാറ്റി, വൻ സ്വാധീനമുള്ളവർ പെർമിറ്റ് ലഭ്യമാക്കാതെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും നിലവിലുള്ള കെട്ടിടങ്ങൾ വികസിപ്പിക്കുകയും ചെയ്തു എന്നും ഇതുമായി ബന്ധപ്പെട്ട് വൻ അഴിമതി നടന്നു എന്നുമുള്ള ആരോപണങ്ങൾ ഉന്നയിച്ച്കൊണ്ട് ശ്രീ. ജോയി അനിയൻ സമർപ്പിച്ച പരാതിയിൻമേൽ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനിയർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിനെ ആധാരമാക്കി ചുവടെ ചേർക്കുന്ന ശിപാർശകളടങ്ങിയ റിപ്പോർട്ട് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചു.

a. ആറ്റിങ്ങൽ കച്ചേരി ജംഗ്ഷനിലെ രാജകുമാരി ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്, ഗ്രൗണ്ട് ഫ്ളോറിന് മുകളിൽ രണ്ട് നിലകൾ പെർമിറ്റ് നൽകുന്നതിന് ശിപാർശ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി റാണി ജി., അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജോസ് എച്ച്. ജോൺസ്, ഓവർസിയർ ശ്രീ. ജാഫർ സാദിഖ് എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടാവുന്നതാണ്.
b. ടി കെട്ടിടത്തിന് കെ.എം.ബി.ആർ 99-ന് വിധേയമല്ലാതെ ഒക്യുപൻസി നൽകുന്നതിന് ശിപാർശ ചെയ്ത അസി. എക്സി. എഞ്ചിനിയർ ശ്രീമതി റാണി ജി., അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജയദാസ് ഡി., ഓവർസിയർ ശ്രീ. ദിനേഷ് എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടാവുന്നതാണ്.
c. സെല്ലാർ ഫ്ളോർ + ഗ്രൗണ്ട് ഫ്ളോർ + 4 നിലകളുള്ള കെട്ടിടത്തിൽ സെല്ലാർ ഫ്ളോർ + ഗ്രൗണ്ട് ഫ്ളോർ + 2 നിലകൾ മാത്രമാണ് നികുതി ഈടാക്കി വരുന്നത്. 2 നിലകൾ കൂടി അനധികൃതമായി വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു. അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിന്

നഗരകാര്യ ഡയറക്ടർ മുഖേന സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.

d. ആറ്റിങ്ങൽ പാലസ് റോഡിലെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളിൽ ഉൾപ്പെട്ട ഒന്നാമത്തെ കെട്ടിടം ശ്രീ. മോഹനൻ പേർക്ക് കെ.എം.ബി.ആർ ചട്ടലംഘനങ്ങളോട്ടു കൂടി റിവൈസ്ഡ് പ്ലാൻ അംഗീകരിക്കുന്നതിന് ശിപാർശ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സുരേഷ് കുമാർ എസ്.കെ., ഓവർസിയർ ശ്രീ. ശ്രീകുമാരൻ തമ്പി എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടാവുന്നതാണ്.

e. ടി കെട്ടിടത്തിന് ഇതേ ന്യൂനതകളോട്ടു കൂടി കാലാവധി നീട്ടി നൽകുന്നതിന് ശിപാർശ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ശ്രീ. സുരേഷ് കുമാർ എസ്.കെ., അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജോസ് എച്ച്. ജോൺസ്, ഓവർസിയർ ശ്രീ. ശ്രീകുമാരൻ തമ്പി എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടാവുന്നതാണ്.

f. ടി കെട്ടിടങ്ങൾ പെർമിറ്റിന് അനുസൃതമായി നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ, ആയതിന് ഒക്യുപൻസി നൽകാമെന്നാണ് ട്രൈബ്യൂണലിന്റെ ഉത്തരവ് എന്നിരിക്കെ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് ഒക്യുപൻസിക്ക് ശിപാർശ ചെയ്ത അസി. എഞ്ചിനിയർ ശ്രീമതി താജുന്നീസ ബീവി എം, ഓവർസിയർ, ശ്രീ. വിജയകുമാർ റ്റി. എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടാവുന്നതാണ്.

g. രാജകുമാരി ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള റസിഡൻഷ്യൽ ഫ്ളാറ്റ് സമുച്ചയത്തിനെതിരെ കെ.എം. ആക്ട് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതാണ്.

h. പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സമീപമുള്ള സ്വയംവര സിൽക്സിന്റെ കെട്ടിട നിർമ്മാണത്തിനെതിരെ കെ.എം. ആക്ട് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതാണ്.

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ, പിന്നീട് സർവ്വീസിൽ നിന്നും വിരമിച്ച, അന്നത്തെ ഓവർസിയർ ശ്രീ. ശ്രീകുമാരൻതമ്പി എസ്., ഓവർ സിയർ ശ്രീ. ജാഫർ സാദിഖ് എം., എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി റാണി ജി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുരേഷ് കമാർ എസ്.കെ., എന്നിവർക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 59(d) പ്രകാരം പരാമർശം 7, 9 കാരണം കാണിക്കൽ നോട്ടീസുകളും, സർവീസിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ. ജയദാസ് ഡി. , അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി താജുന്നീസ ബീവി എം. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജോസ് എച്ച്. ജോൺസ്, ഓവർ സിയർ ശ്രീ. ദിനേശ് ജി. , ഓവർ സീയർ ശ്രീ. വിജയകുമാർ റ്റി., എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പരമാർശം 3 കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കി അച്ചടക്കനടപടി ആരംഭിച്ചു.

**ശ്രീ. ജയദാസ് ഡി. സമർപ്പിച്ച പ്രതിവാദ പത്രികയിൽ** രാജകുമാരി ഷോപ്പിംഗ് കോംപ്ലക്സ് എന്ന വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന സെല്ലാർ + ഗ്രൗണ്ട് ഫ്ലോർ ഉള്ള കെട്ടിടത്തിന് മുകളിൽ ഫസ്റ്റ് ഫ്ലോർ + സെക്കന്റ് ഫ്ലോർ+ ടെറസ് ആയി 979.30 ച. മീ. നിർമ്മാണം നടത്തുന്നതിന് നഗരസഭയിൽനിന്ന് 18.10.2016-ലെ 230/16-17 നമ്പർ പ്രകാരം അനുമതി നൽകിയിരുന്നു എന്നും അനുമതി ലഭിച്ച പ്രകാരം കെട്ടിട ഉടമകൾ നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപൻസിയ്ക്കായി സമർപ്പിച്ച പ്ലാനും അപേക്ഷയും ഓവർസീയർ സ്ഥല പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്യുകയാണ് ടിയാൻ ചെയ്തിട്ടുള്ളത് എന്നും ടി കെട്ടിടം പൂർത്തീകരണ പ്ലാൻ പ്രകാരം വാണിജ്യ ഉപയോഗത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെട്ടതും റോഡതിർത്തിയിൽ നിന്നും ശരാശരി 7.96മീ. പിന്നോട്ട് മാറി

നിൽക്കുന്നതും 1999 ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം 24(3) പ്രകാരം ആവശ്യമായ തുറസ്സായ സ്ഥലം ലഭ്യമായതും വസ്തുവിന്റെ പ്രത്യേക ആകൃതി മൂലം വടക്ക പടിഞ്ഞാറു ഭാഗത്തുള്ള മൂലയിൽ 1.20 മീറ്റർ അതിർവസ്തുവിൽ നിന്നും അകലം പാലിക്കുന്നതും ടി ഭാഗത്തുകൂടി കെട്ടിടത്തിനുള്ളിലേക്ക് പ്രവേശിക്കുന്നതിന് വാതിലുകളോ മറ്റ് തുറക്കലുകളോ ഇല്ലാത്തതുമാണ് എന്നും കെട്ടിടത്തിന്റെ വശങ്ങളിൽ (വടക്ക്, തെക്ക് വശങ്ങൾ) KMBR 99 ചട്ടം 24(5) പ്രകാരമുള്ള തുറസ്സായ സ്ഥലം ലഭ്യമാണ് എന്നും ഫ്രെയിമ്ഡ് സ്ട്രക്ചർ ഉള്ള കെട്ടിടം ആണെങ്കിലും സെക്കൻറ് ഫ്ലോറിൽ സ്ട്രക്ചറൽ എഞ്ചിനീയറുടെ നിർദ്ദേശവും രൂപകല്പനയും പ്രകാരം ആവശ്യമായ ബീം നിർമ്മിച്ച് ഉള്ളിലേക്ക് നീക്കി യഥാക്രമം 1.50 മീ, 1.70 മീ. എന്നിങ്ങനെ തുറസ്സായ സ്ഥലം ലഭിക്കത്തക്ക വിധമാണ് നിർമ്മാണം നടത്തിയിട്ടുള്ളത് എന്നും കേരള മുനിസിപ്പൽ കെട്ടിടനിർ മ്മാണനിയമം (24(10) പ്രകാരം ആയത് അനുവദനീയമാണ് എന്നും ടി കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോർ പൂർണ്ണമായും പാർക്കിംഗ് ആവശ്യത്തിനായി നീക്കിവച്ചിട്ടുള്ളതാണ് എന്നും ഇതിലേക്ക് പ്രവേശിക്കുന്നതിനുള്ള റാമ്പ് നിർമ്മിച്ചിരിക്കുന്നത് 2 തൂണുകൾ (പില്ലർ) ക്കിടയിലുള്ള സ്ഥലത്തു കൂടിയാണ് എന്നും ഇവ തമ്മിലുള്ള അകലം 3.00 മീറ്ററാണ് എന്നും ആയതിനാൽ റാമ്പ് 3.00 മീറ്റർ വീതിയുള്ളതും വാഹനങ്ങൾ കയറുന്നതിനും ഇറങ്ങുന്നതിനും പര്യാപ്തവുമാണ് എന്നും ആയതിനാൽ ചട്ടം 34-ൻറ ലംഘനം ഇല്ലാത്തതാണ് എന്നും ചട്ടം 40(എ) ഉപചട്ടങ്ങൾപ്രകാരം ഭിന്നശേഷിക്കാർക്ക് ഏർപ്പെടുത്തേണ്ട എല്ലാ സൗകര്യങ്ങളും കെട്ടിടത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പരിശോധന സമയത്ത് ഉറപ്പുവരുത്തിയിട്ടുള്ളതാണ് എന്നും ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ മുതൽ മുകളിലേക്കുള്ള എല്ലാ നിലകളിലും യാതൊരു തുറക്കലുകളുമില്ലാതെ പൂർണ്ണമായും അടച്ചുറപ്പായി A/C ചെയ്തിട്ടുള്ളതാണ് എന്നും ആയതിനാൽ ചട്ടം 56 പ്രകാരമുള്ള ചട്ട ലംഘനം ഇല്ലാത്തതാണ് എന്നും അറിയിച്ചു.

**ശ്രീമതി റാണി ജി.** ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ സ്ഥല പരിശോധനയുടെയും ശിപാർശയുടെയും അടിസ്ഥാനത്തിലാണ് പെർമിറ്റ്, ഒക്യുപൻസി എന്നിവ ശിപാർശ ചെയ്തതെന്നും സെല്ലാർ ഫ്ലോർ പൂർണ്ണമായും പാർക്കിംഗ് ആവശ്യത്തിനായി നീക്കി വച്ചിട്ടുള്ളതാണെന്നും, കെട്ടിടം പൂർണ്ണമായി അടച്ച് എ.സി. ചെയ്തിട്ടുള്ളതിനാൽ KMBR റൂൾ 56-ന്റെ ലംഘനമില്ലെന്നും അറിയിച്ചു.

**ശ്രീ.സുരേഷ് കുമാർ എസ്.കെ.,** മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പെർമിറ്റിന് ടിയാളുടെ കാലയളവിൽ ശിപാർശ നൽകിയിട്ടില്ലായെന്ന് അറിയിച്ചു.

**ശ്രീമതി താജുന്നീസ ബീവി എം. തന്റെ പ്രതിവാദ പത്രികയിൽ** നം. ജി3-10791/21, തീയതി. 23.03.2022 ആയി നഗരസഭാ സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ-ക്ക് കുറിപ്പ് നൽകുകയും അന്നു തന്നെ ഒക്യുപൻസി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് ലഭ്യമാക്കേണ്ട അധിക ഫീസ് കണക്കാക്കി നൽകുകയും Fire NOC ലഭ്യമായാൽ മാത്രമേ ഒക്യുപൻസി നൽകാവൂ എന്നും മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നും ആകയാൽ ബഹു. കോടതി ഉത്തരവ് നടപ്പാക്കുന്നതിന് ബഹു. നഗരസഭാ കൗൺസിൽ തീരുമാനിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഒക്യുപൻസി സർട്ടിഫിക്കറ്റ് നഗരസഭ സെക്രട്ടറിയാണ് നൽകിയിട്ടുള്ളത് എന്ന് അറിയിച്ചു.

**ശ്രീ.ദിനേശ് ജി.-** യും മേൽ വാദങ്ങൾ തന്നെ പ്രതിവാദപത്രികയിൽ ഉന്നയിച്ചു.

**ശ്രീ. ജോസ് എച്ച്. ജോൺസ് തന്റെ പ്രതിവാദപത്രികയിൽ** 300 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് യാതൊരു പങ്കുമില്ല എന്നും മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ ഫയൽ നോട്ട്, അതിലെ വിവരങ്ങൾക്കും ഉള്ളടക്കത്തിനും അംഗീകാരം നൽകുന്നതിനു അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ ശേഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുന്നതിനുമായാണ് ഓവർസിയർ സമർപ്പിച്ചത് എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഫയൽ നോട്ട് അംഗീകരിക്കുകയും പുതുക്കിയ പെർമിറ്റ് നൽകാൻ ശിപാർശ

ചെയ്യുകയും ചെയ്തിരുന്നു എന്നും എന്നാൽ, കെട്ടിടങ്ങൾ നിർമ്മിച്ച പ്ലോട്ടുകളുടെ സർവ്വേ നമ്പറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉള്ളതിനാൽ വിജിലൻസ് വകുപ്പിന്റെ ഇടപെടൽ മൂലം പെർമിറ്റ് നൽകുന്നത് തടഞ്ഞുവെച്ചു എന്നും അറിയിച്ചു.

**ശ്രീ. വിജയകുമാർ റ്റി. തന്റെ പ്രതിവാദപത്രികയിൽ** ട്രൈബ്യൂണൽ ഉത്തരവ് ലഭ്യമായിട്ടും ഒക്യുപൻസി നൽകുന്നതിന് താൻ ശിപാർശ നൽകിയിട്ടില്ലാത്തതാണ് എന്നും തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടി ഉത്തരവിന് എതിരായി ബഹു.ഹൈക്കോടതി മുമ്പാകെ അപ്പീൽ നൽകാൻ നഗരസഭാ സെക്രട്ടറിയോട് ശിപാർശ ചെയ്യുകയും നഗരസഭാ സെക്രട്ടറി ആയത് പരിഗണിക്കാതെ ബഹു.കൗൺസിൽ മുമ്പാകെ ട്രൈബ്യൂണൽ ഉത്തരവ് നടപ്പാക്കുന്നതിന് അജണ്ട സമർപ്പിക്കുകയും ആയത് പ്രകാരം ബഹു.കൗൺസിലിന്റെ 12-ാം നമ്പർ തീരുമാന പ്രകാരം ടി ഉത്തരവ് നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതും ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്ന് തന്നെ ഒക്യുപൻസി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് ലഭ്യമാക്കേണ്ട അധിക ഫീസ് കണക്കാക്കി നൽകുകയും Fire NOC ലഭ്യമായാൽ മാത്രമേ ഒക്യുപൻസി നൽകാവൂ എന്ന് റിപ്പോർട്ട് ചെയ്യുകയും മാത്രമാണ്ചെയ്തിട്ടുള്ളത് എന്നും അറിയിച്ചു.

പ്രതിവാദപത്രിക സമർപ്പിയ്ക്കാത്ത ശ്രീ. ജാഫർ സാദിഖ് എം., ശ്രീ. ശ്രീകുമാരൻ തമ്പി, എന്നിവർക്ക് ഇക്കാര്യത്തിൽ കൂടുതലൊന്നും ബോധിപ്പിയ്ക്കുവാനില്ല എന്ന് അനുമാനിച്ച് നടപടി തുടർന്നു.

കുറ്റാരോപിതർ കുറ്റം നിഷേധിച്ചതിനാൽ, കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി പരാമർശം (11) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിക്കുകയും കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ചു വരവെ 31.05.2024-ൽ സർവീസിൽ നിന്നും വിരമിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരായിരുന്ന ശ്രീ. ജയദാസ് ഡി., ശ്രീമതി താജുന്നിസ ബീവി എം. എന്നിവർക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 59 (ഡി) പ്രകാരമുള്ള നടപടി മറ്റു വിരമിച്ച ഉദ്യോഗസ്ഥർക്കൊപ്പം സ്വീകരിയ്ക്കുന്ന വിവരം അതേ ഉത്തരവു മുഖേന ടിയാൾക്കാരെ അറിയിയ്ക്കുകയും ചെയ്തു.

**ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ പ്രസ്തുത വിഷയം പരിശോധിച്ച് പരാമർശം 10-ലെ 05.11.2025 തീയതി കത്ത് പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ** കെട്ടിടത്തിന്റെ വടക്കു പടിഞ്ഞാറെ മൂലയിൽ തുറക്കലുകൾ ഇല്ലാത്തതിനാൽ 1.20 മീറ്റർ സ്ഥലം മതിയാകും എന്ന വാദം പരിഗണിക്കാവുന്നതാണ് എങ്കിലും പെർമിറ്റ്, ഒക്യുപ്പൻസി എന്നിവയിൽ മറ്റ് ലംഘനങ്ങൾ സംബന്ധിച്ച ശ്രീമതി റാണി ജി-യുടെ വാദങ്ങൾ അംഗീകരിക്കാനാവില്ല എന്നും നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗം മേധാവി എന്ന നിലയിൽ അമിത ജോലിയുള്ളതിനാൽ എല്ലാ സൈറ്റുകളും നേരിട്ട് പരിശോധിക്കുക എന്നത് പ്രായോഗികം അല്ല എന്നത് ഒരു വസ്തുതയാണെന്നതിനാൽ ശ്രീമതി റാണി ജി-യുടെ വാദം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ് എന്നും, ഫയൽ പരിശോധനയിൽ 10/12/2015-ൽ റിവൈസ്ഡ് പെർമിറ്റ് ഒപ്പിടുന്നതിന് ശ്രീ.സുരേഷ്കുമാർ ശിപാർശ ചെയ്തതായും, പെർമിറ്റ്, പ്ലാൻ എന്നിവയിൽ അനുമതി നൽകി ഒപ്പിട്ടതായും കാണുന്നതിനാൽ ശ്രീ. സുരേഷ് കുമാർ എസ്.കെ-യുടെ വാദം അംഗീകരിക്കാനാവില്ല എന്നും , ഒക്യുപ്പൻസി നൽകിയ വേളയിൽ ഉണ്ടായിരുന്ന മറ്റു ലംഘനങ്ങൾ സംബന്ധിച്ച ശ്രീ. ജയദാസ് ഡി. -ന്റെ വാദം അംഗീകരിക്കാനാകുന്നതല്ല എന്നും, 10/12/2015-ൽ അനുവദിച്ച ആറ്റിങ്ങൽ പാലസ്റോഡിലെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ റിവൈസ്ഡ് പെർമിറ്റിന് 19/11/2015-ൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജോസ് എച്ച്. ജോൺസ് ശിപാർശ ചെയ്തതായി ഫയൽ നോട്ടിൽ കാണുന്നു എങ്കിലും ഡ്രോയിംഗ് പ്ലാനിൽ ടിയാൻ ഒപ്പ് വെച്ചതായി കാണുന്നില്ല എന്നും കച്ചേരി ജംഗ്ഷനിലെ രാജകുമാരി ഷോപ്പിംഗ് കോംപ്ലക്സിന് 07/10/2016-ൽ പെർമിറ്റ് അനുവദിക്കുന്നതിന് ശ്രീ.ജോസ് എച്ച്. ജോൺസ് ശിപാർശ ചെയ്തതായി ഫയൽ നോട്ടിൽ കാണുന്നു എന്നും ആയതിനാൽ ടിയാന്റെ മറുപടി അംഗീകരിക്കാനാവില്ല എന്നും, കെട്ടിടത്തിന്റെ വടക്കു പടിഞ്ഞാറെ മൂലയിൽ തുറക്കലുകൾ ഇല്ലാത്തതിനാൽ 1.20 മീറ്റർ സ്ഥലം മതിയാകും എന്ന വാദം പരിഗണിക്കാവുന്നതാണ് എങ്കിലും ഒക്യുപ്പൻസി നൽകിയ വേളയിൽ ഉണ്ടായിരുന്ന മറ്റു

ലംഘനങ്ങൾ സംബന്ധിച്ച ശ്രീ. ദിനേശ് ജി.-യുടെ വാദം അംഗീകരിക്കാനാകുന്നതല്ല എന്നും, അനുവദിച്ച പെർമിറ്റിൽ നിന്നും ഏരിയ ഉൾപ്പെടെ വ്യതിചലിച്ച് വർദ്ധിച്ചാണ് പെർമിറ്റ് നൽകിയിട്ടുള്ളത് എന്നും ആയതിനാൽ 'on the basis of the permit" അല്ല ഒക്യുപ്പെൻസി അനുവദിച്ചത് എന്ന് കണക്കാക്കാവുന്നതാണ് എന്നും ശ്രീ. വിജയകുമാർ റ്റി. ശിപാർശ ചെയ്തെങ്കിലും കെട്ടിടത്തിൽ ചട്ട ലംഘനങ്ങൾ നിലനിൽക്കുന്നതിനാൽ തത്സമയത്തെ നഗരസഭാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ട്രൈബ്യൂണൽ വിധിക്കെതിരെ അപ്പീൽ നൽകണമെന്ന് ഫയൽ നോട്ടിൽ രേഖപ്പെടുത്തുകയും കൗൺസിൽ തീരുമാനത്തിനെതിരെ വിയോജന കുറിപ്പ് നൽകുകയും ആയത് മറികടന്നു കൊണ്ട് നഗരസഭാ സെക്രട്ടറിയാണ് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത് എന്നും കാണുന്നതിനാൽ കെട്ടിടത്തിന് ഒക്യുപൻസി ലഭിച്ചത് പൂർണ്ണമായും നഗരസഭാ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് എന്നും, ശ്രീ. ശ്രീകുമാരൻ തമ്പിയുടെ മേൽ ആരോപിച്ച കുറ്റങ്ങൾ ഫയൽ പരിശോധനയിൽ നിന്നും നിലനിൽക്കുന്നതായി കാണുന്നു എന്നും, ശ്രീ.ജാഫർ സാദ്ദിഖിനെതിരെയുള്ള ആരോപണങ്ങളിൽ ഫയൽ പരിശോധനയിൽ നിന്നും ചട്ട ലംഘനങ്ങൾ നിലനിൽക്കുന്നതായി കാണുന്നു എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അടുത്തപടിയായി കുറ്റാരോപിതരെ 27/11/2025-ൽ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടു.** നേരിൽ കേട്ട വേളയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു. പാലസ് റോഡിലെ ഷോപ്പിംഗ് കോംപ്ലക്സ്, കച്ചേരി ജംഗ്ഷനിലെ രാജകുമാരി ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്ക് പെർമിറ്റ്/ഒക്യുപൻസി എന്നിവ അനുവദിക്കുന്നതിന് കൈകാര്യം ചെയ്തിരുന്നതായ ഫയലുകൾ 2017-18 വർഷങ്ങളിലേതാണ്. ആയതിലെ ചട്ടലംഘനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുള്ളത് 2021-ൽ ആണെങ്കിലും രാജകുമാരി ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കാത്തതിനെതിരെ ടി കെട്ടിടഉടമസ്ഥർ, LSGD സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2022 വർഷത്തിൽ ടിയാൾക്കാർക്ക് അനുകൂലമായ വിധി ഉണ്ടായിട്ടുള്ളതാണ്. Palace Road-ലെ ഷോപ്പിംഗ് കോംപ്ലക്സിൽ Disabled Toilet-ന്റെ Specification പാലിക്കപ്പെട്ടിട്ടില്ലാത്തതും Drive Way-യ്ക്ക് വീതി കുറവാണെന്നുള്ളതും നിലനിൽക്കുന്നതാണ്. എന്നിരുന്നാലും ഈ രണ്ട് കെട്ടിടങ്ങളും നിലവിൽ പൂർണ്ണമായും കവർ ചെയ്ത് AC ചെയ്യപ്പെട്ടവയാണ്. കെട്ടിടഉടമ ലഭ്യമാക്കിയ കോടതിഉത്തരവുകളുടെയും അന്നത്തെ സെക്രട്ടറിയുടെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് ചട്ടലംഘനങ്ങളുള്ള പ്ലാൻ അംഗീകരിച്ചത് എന്ന് ശ്രീമതി താജുന്നീസ ബീവി എം.-ന്റെ പ്രസ്താവനയിൽ നിന്നും ബോദ്ധ്യപ്പെട്ടുകയും പ്ലാനിലെ ചട്ടലംഘനങ്ങൾ പ്രതികൾ ചൂണ്ടിക്കാണിച്ചിരുന്നുവെന്നും തങ്ങളുടെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ അവ തിരുത്താൻ കഴിഞ്ഞില്ലെന്ന് വ്യക്തമാക്കുകയും ചെയ്തു. പ്രസ്തുത കെട്ടിടങ്ങൾ ഇപ്പോഴും ലംഘനങ്ങളോടെ തന്നെ നിലനിൽക്കുന്നതിനാലും പ്രവർത്തിച്ചുവരുന്നതിനാലും കുറ്റാരോപിതരിൽ ഭൂരിഭാഗവും ഇതിനകം സർവീസിൽ നിന്ന് വിരമിച്ചതിനാലും വർഷങ്ങൾക്കുമുമ്പെ പെർമിറ്റ്, ഒക്യുപൻസി എന്നിവ അനുവദിച്ച നടപടികളിൽ അവർക്കെതിരെ ഇപ്പോൾ അച്ചടക്കനടപടി എടുക്കുന്നതിൽ അർത്ഥമില്ലെന്നും, അവർക്കെതിരെയുള്ള നടപടികൾ ഒഴിവാക്കുന്നതാണ് ഉചിതമെന്നും ബോദ്ധ്യപ്പെടുന്നു.

**ഔദ്യോഗിക അന്വേഷണ റിപ്പോർട്ട്, പ്രതിവാദ പത്രിക, കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട്** എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017-18 കാലഘട്ടത്തിലാണ് പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിച്ചതും അതുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്തിട്ടുള്ളതും. ടി വിഷയത്തിന്മേലുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുമ്പോഴേക്കും ബന്ധപ്പെട്ട ഭൂരിഭാഗം ഉദ്യോഗസ്ഥരും സർവീസിൽ നിന്നും വിരമിച്ചിരുന്നു. കെട്ടിട ഉടമ കോടതിയിൽ നിന്നും നേടിയ ഉത്തരവുകളുടെയും അന്നത്തെ സെക്രട്ടറിയുടെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് ചട്ടലംഘനങ്ങളുള്ള പ്ലാനുകൾക്ക് അനുമതി നൽകിയത് എന്നത് വസ്തുതയാണ്. അതിനാൽ തന്നെ, പ്ലാനിൽ ചട്ടലംഘനങ്ങൾ ഉണ്ടെന്ന് പ്രതികൾ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും ടിയാളുകൾക്ക് നിയന്ത്രിക്കാൻ കഴിയാത്ത കാരണങ്ങളാലാണ് അവ പരിഹരിക്കാൻ കഴിയാതിരുന്നതെന്നും വ്യക്തമാണ്. പ്രസ്തുത കെട്ടിടങ്ങൾ ഇപ്പോഴും ചട്ടലംഘനങ്ങളോടെ

തന്നെ നിലനിൽക്കുകയാണ്. കുറ്റാരോപിതരിൽ ഭൂരിഭാഗം പേരും വിരമിച്ച സാഹചര്യത്തിൽ അവരെ ശിക്ഷിക്കുന്നതിൽ പ്രസക്തിയില്ലാത്തതിനാൽ ഈ ഘട്ടത്തിൽ അവരെ ഒഴിവാക്കുന്നതാണ് ഉചിതമെന്ന് ബോധ്യപ്പെടുന്നു. കെട്ടിടനിർമ്മാണചട്ടലംഘനങ്ങളിൽ കെ.എം.ആക്ട് (KM Act) പ്രകാരം കെട്ടിടഉടമയ്ക്കെതിരെ നടപടിയെടുക്കണമെന്ന സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ശിപാർശയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് (RA) വകുപ്പിൽനിന്നും കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തനിക്കെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഓവർസിയർ ശ്രീ. വിജയകുമാർ റ്റി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത പരാമർശം (12) ഒ.എ.നം229/2025 നമ്പർ കേസ് ബഹു.ട്രൈബ്യൂണലിന്റെ പരിഗണനയിലുണ്ട്.

മേൽ സാഹചര്യങ്ങളിൽ, പരാമർശം 1 പ്രകാരമുള്ള ക്രമക്കേടുകൾക്ക് ഉത്തരവാദികളായ, പിന്നീട് **സർവ്വീസിൽ നിന്നും വിരമിച്ച, മുൻ ഓവർസിയർമാരായ ശ്രീ. ശ്രീകുമാരൻതമ്പി എസ്.,(പെൻ-440890), ശ്രീ. ജാഫർ സാദിഖ് എം.(പെൻ.482431), എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീമതി റാണി ജി. (പെൻ.698702), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ. സുരേഷ് കുമാർ എസ്.കെ.(പെൻ.618670), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ. ജയദാസ് ഡി. (പെൻ-616633), അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി താജുന്നീസ ബീവി എം. (പെൻ-453709) എന്നിവർക്കെതിരെ കെ.എസ്.ആർ ഭാഗം III** ചട്ടം **59(d) പ്രകാരവും സർവീസിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജോസ് എച്ച്.ജോൺസ് (പെൻ-605073), ഓവർസിയർ ശ്രീ. ദിനേശ് ജി. (പെൻ-698610), ഓവർ സീയർ ശ്രീ. വിജയകുമാർ റ്റി. (പെൻ-681467, 31.01.2026-ൽ വിരമിച്ചു), എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരവും** സ്വീകരിച്ചു വരുന്ന **അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.**

EWA1/56/2023/LSGD, EWA1/9/2023/LSGD എന്നീ ഫയലുകളിലെ കൂടി വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് കെ.എസ്.ആർ ഭാഗം III ചട്ടം 59 (d) പ്രകാരം മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.), ശ്രീ. സുരേഷ് കുമാർ എസ്.കെ.-യ്ക്ക് പരാമർശം 6 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നത്. ഈ വിഷയത്തിൽ ടിയാളെ കുറ്റവിമുക്തനാക്കാനുള്ള തീരുമാനം ഉൾപ്പെടുത്തികൊണ്ട് മറ്റു കുറ്റങ്ങളിൽ ടിയാൾക്കെതിരെ EWA1/56/2023/LSGD നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ പ്രത്യേകം പരിഗണിച്ച് തീർപ്പാക്കുന്നതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ(റിട്ട.), ശ്രീമതി റാണി ജി.- ക്കെതിരെ EWA1/64/2021/LSGD നമ്പർ ഫയലിൽ നടപടി തുടരുന്നതിനാൽ, ടിയാളെ കുറ്റവിമുക്തയാക്കിക്കൊണ്ടുള്ള മേൽതീരുമാനം ഉൾപ്പെടുത്തി EWA1/64/2021/LSGD നമ്പർ ഫയലിലെ നടപടികൾ പ്രത്യേകം പരിഗണിച്ച് തീർപ്പാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീമതി റാണി ജി. (പെൻ.698702), റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനീയർ,
2. ശ്രീ. സുരേഷ് കമാർ എസ്.കെ.(പെൻ.618670), റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,

3. ശ്രീ. ജയദാസ് ഡി. (പെൻ-616633), റിട്ട.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
4. ശ്രീമതി താജുന്നീസ ബീവി എം. (പെൻ-453709), റിട്ട.അസിസ്റ്റന്റ് എഞ്ചിനീയർ,
5. ശ്രീ. ജോസ് എച്ച്.ജോൺസ് (പെൻ-605073),അസിസ്റ്റന്റ് എഞ്ചിനീയർ,
6. ശ്രീ. ശ്രീകുമാരൻതമ്പി എസ്.,(പെൻ-440890), റിട്ട. ഓവർസിയർ.
7. ശ്രീ. ജാഫർ സാദിഖ് എം.(പെൻ.482431), റിട്ട. ഓവർസിയർ,
8. ശ്രീ. ദിനേശ് ജി. (പെൻ-698610), ഓവർസിയർ,
9. ശ്രീ. വിജയകുമാർ റ്റി. (പെൻ-681467), റിട്ട. ഓവർസീയർ
   **(1-9 വരെ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
10. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവിന്മേൽ അനന്തരനടപടി സ്വീകരിക്കുന്നതിനായി.)**
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
12. അഡ്വക്കറ്റ് ജനറൽ, കേരളം, തിരുവനന്തപുരം(with C/L)
13. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),കേരള, തൃശ്ശൂർ
14. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
15. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (LSGD-EW1/205/2018-LSGD.)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 22-04-2026 17:54:11
സെക്ഷൻ ഓഫീസർ